കെ. ഠറി. ഡി. സി. യിലെ നിയമനം

736. [1224] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-1982-നുശേഷം 30-9-1986 വരെ കെ. ഠറി. ഡി. സി. യിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിൽ ആണെന്നും അവരുടെ ശമ്പളം എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തിയത് ഏത് ഏജൻസി യാണെന്നും നിയമനത്തിനു സ്വീകരിച്ച നടപടിക്രമങ്ങൾ എന്തായിരുന്നുവെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇരുപത്തിയേഴുപേരെ നിയമിച്ചിട്ടുണ്ട്. തസ്തികയും ശമ്പള സ്കെയിലും താഴെ പറയുന്നു.

ക്രമ നമ്പർ	തസ്തിക	ശമ്പള സ്കെയിൽ	നിമിക്കപ്പെട്ട വരുടെ എണ്ണം
1	ഓവർസിയർ ഗ്രേഡ്—I	825–1430	1
2	വാച്ചർ	550–800	1
3	എൽ. ഡി. ക്ലാർക്ക്	640–1000	1
4	എൽ. ഡി. ടൈപ്പിസ്റ്റ്	640–1000	2
5	പ്യൂൺ	550–800	1
6	സ്റ്റെനോഗ്രാഫർ	675–1340	3
7	ടെലിഫോൺ ഓപ്പറേറ്റർ	640–1000	1
8	അസി: ഇഞ്ചിനീയർ	1050–2000	2
9	എൽ. ഡി. ക്ലാർക്ക്—ടൈപ്പിസ്റ്റ്	640–1000	3
10	ഡ്രൈവർ	600–950	4
11	യൂട്ടിലിറ്റി വർക്കർ	550–800	2
12	ഇന്റേണൽ ഓഡിറ്റർ	1500–2685	1
13	സൂപ്പർവൈസർ	1050–2000	3
14	പേജ് ബോയ്	550–800	1
15	സ്വീപ്പർ-കം-സ്കാവഞ്ചർ	550–800	1
		ആകെ	27

(ബി) ക്രമനമ്പർ 1 മുതൽ 10 വരെയുള്ള 19 പേരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമിച്ചിട്ടുള്ളത്. ഇന്റേണൽ ഓഡിറ്റർമാരായി രണ്ടുപേരെയും സൂപ്പർവൈസർമാരായി 3 പേരേയും ഡയറക്ടർ ബോർഡിന്റെ അധികാരം ഉപയോഗിച്ച് നേരിട്ടു നിയമിച്ചിട്ടുണ്ട്. യൂട്ടിലിറ്റി വർക്കറായി ശ്രീ. പി. മോഹനനെ, ഹരിജന-ഗിരിജന വർഷാചരണത്തോടനുബന്ധിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള ഗവൺമെന്റ് ഉത്തരവു പ്രകാരം സ്ഥിരപ്പെടുത്തിയതാണ്. ശേഷിച്ച 8 പേരെ, കോർപ്പറേഷനിലെ ദീർഘകാല സേവനം പരിഗണിച്ച് ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരവും സ്ഥിരമായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly